രാമവമ്മതമ്പുരാൻ.—അതെ.

മിസ്റ്റർ ടി. കെ. നായർ.—വേറെവഴിക്കു അന്വേഷിക്കണമെന്നു ഗവമ്മെൻറിനു തോന്നുകയുണ്ടായോ?

രാമവമ്മതമ്പുരാൻ.— സംരക്ഷണ ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയുള്ള ചോദ്യമായതുകൊണ്ടു് ആ ഡിപ്പാർട്ട്മെൻറു മേലധ്യക്ഷനോടു ചോദിച്ചതാണു്. ഈ മാതിരി കാര്യങ്ങളിൽ personal ആയിട്ടു് ആരോടും ചോദിക്കാറില്ല.

മിസ്റ്റർ ടി. കെ. നായർ.—ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയുള്ള ആക്ഷേപം വരുമ്പോൾ ആ ഡിപ്പാർട്ട്മെൻറു മേലധ്യക്ഷനോടു തന്നെ ചോദിച്ചാൽ മതിയെന്നാണോ ഗവമ്മെൻറിൻെറ ധാരണ? ഡിപ്പാർട്ട്മെൻറു മേലധ്യക്ഷനിൽനിന്നും തരിയായ മറുപടി കിട്ടുമെന്നു ഗവമ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അങ്ങിനെയാണു് പതിവു്. ഡിപ്പാർട്ട്മെൻറിനെപ്പറ്റിയുള്ള സംഗതികൾ അതിലെ ആപ്പീസരോടല്ലാതെ വേറെ വല്ലവരോടും ചോദിക്കുമോ! ഈ ചോദ്യത്തിൽ വിദ്യാർത്ഥികൾക്കു കൊടുക്കുന്ന പുസ്തകം പഴയതാണോ പുതിയതാണോ എന്നു ചോദിച്ചിട്ടില്ല.

Purpose for which books are got back from Depressed Classes pupils.

213. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) കഴിഞ്ഞ വർഷത്തിൽ കൊടുത്ത പുസ്തകങ്ങളിൽ ഇക്കൊല്ലത്തിൽ മടക്കി വാങ്ങീട്ടുള്ളതു് എത്ര;

(ഒ) ടി പുസ്തകങ്ങൾ കൊല്ലംതോറും മടക്കി വാങ്ങുന്നതു് എന്തുപയോഗത്തിനാണു്?

രാമവമ്മതമ്പുരാൻ.—(എ) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഉ എ ഉ -ാം നമ്പ്ര ചോദ്യത്തിൻെറ ഉത്തരത്തിലേക്കു ക്ഷണിച്ചിരിക്കുന്നു.

(ഒ) മേൽപറഞ്ഞ ഉത്തരം കാരണം ഇതിനു് വേറെ ഉത്തരം ആവശ്യമില്ല.

Agency for supply of books to Depressed Classes pupils—offers for.

214. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഈ വർഷത്തിൽ പുസ്തകം മുതലായവ അധഃകൃത വിദ്യാർത്ഥികൾക്കു സപ്ലൈചെയ്യുവാൻ വല്ലവരും അപേക്ഷ അയച്ചിട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ എത്ര;

(c) ഓരോ അപേക്ഷകളിലും ഉറപ്പിക്കൊണ്ടു് എന്തൊരു തുകയാണു് അടയ്ക്കുവാൻ തന്നുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(d) പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ചു ഗവർമ്മെണ്ടു് എന്തുചെയ്യു?

രാമവർമ്മതമ്പുരാൻ.—(a) ഉണ്ടു്.

(b) രണ്ടുപേർ.

(c) ആദായം ഒന്നും തരാമെന്നു പറഞ്ഞിട്ടില്ല.

(d) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പുസ്തകങ്ങളുടെ വിലയിലെന്തെങ്കിലും ഒരംശംകുഴിവു വിട്ടുതരാമെന്നു് ഈ ആളുകളിൽ വല്ലവരും പറഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—പറഞ്ഞിട്ടില്ല.

മിസ്റ്റർ എം. കെ. രാമൻ.—ഈ രണ്ടു അപേക്ഷകന്മാരാരെല്ലാമാണു്?

രാമവർമ്മതമ്പുരാൻ.—എന്റെ കയ്യിൽ പേരില്ല. നോട്ടീസു വേണം.

മിസ്റ്റർ എം. കെ. രാമൻ.—ഈ രണ്ടുപേരിൽ ആക്കാണു കൊടുത്തതു്?

രാമവർമ്മതമ്പുരാൻ.—കൊടുത്തുകഴിഞ്ഞിട്ടുണ്ടോ എന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. ടി. മാത്യു.—കൊടുത്തുകഴിഞ്ഞിട്ടില്ലെങ്കിൽ ഗവർമ്മെൻറു് ഇനിയും ആ കാര്യത്തെപ്പറ്റി അന്വേഷിക്കുമോ?

രാമവർമ്മതമ്പുരാൻ.—എന്തിനെപ്പറ്റി അന്വേഷിക്കണം. ചോദ്യത്തിൽ കുഴിവിനെപ്പറ്റിയാണു് ചോദിച്ചിരിക്കുന്നതു്. കുഴിവില്ലെന്നു മറുപടിയും പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അടുത്ത വർഷത്തിൽ പുസ്തകവിതരണം ചെയ്യുവാൻ ആരെയാണു് ഏല്പിച്ചിട്ടുള്ളതെന്നു പറയുവാൻ മടിയുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—പേരു നല്ല നിശ്ചയമില്ല അയാൾ എറണാകുളത്തു് ഒരു കച്ചവടക്കാരനാണു്.

The revision of the pay of Sub-Magistrates.

215. Mr. P. Raman Menon.—Will the Government be pleased to state the year in which the maximum pay of the 1st grade Sub-Magistrate was fixed at Rs. 150?

Rama Varmha Tampuran.—1095 M. E.

Pay of Sub-Magistrates—Special Finance Committee's proposal.

216. Mr. P. Raman Menon.—Will the Government be pleased to state what was the scale proposed for the Sub-

LIBRARY ARCHIVES Kerala Legislative Assembly